ലക്കം–16/ഏപ്രിൽ, 2014

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



**ഹവിസ്സിന്റെ എല്ലാ ബഹുമാന്യ വായനക്കാർക്കും എന്നെന്നേയ്ക്കും നന്മയുടെയും സമൃദ്ധിയുടെയും വിഷുദിനാശംസകൾ...**

## മനസ്സിന്റെ ദർപ്പണത്തിൽ നിത്യം കണി കണ്ടുണരൂ　　ആമുഖം

കാലം അതിന്റെ പ്രയാണം തുടരുകയാണ്. ഹവിസ്സിന് ഇത് രണ്ടാം വിഷുക്കാലം. മുഴുവൻ ലോകരും എന്നെന്നും നന്മയുടെയും സമൃദ്ധിയുടെയും കണികണ്ടുരട്ടെ എന്ന ഒരു കൂട്ടം സഹോദരീ-സഹോദരങ്ങളുടെ ശുഭചിന്തയിൽ പിറന്ന ഹവിസ്സിന്, ഓരോ ആഘോഷവും അതിനൊപ്പം പങ്കുവയ്ക്കപ്പെടുന്ന ഓരോ സന്തോഷ നിമിഷവും നൽകുന്ന ആനന്ദത്തിന് അതിരില്ല!

അവധിക്കാലത്തെ ആദ്യ ഉത്സവമായാണ് വിഷു എത്തുന്നത്. ഭാരതം മുഴുവനും ഇത്തവണ അവധിക്കാലം തെരഞ്ഞെടുപ്പു ചൂടിലാണ്. ജനാധിപത്യത്തിന്റെ നന്മകളും തിന്മകളും ചർച്ചാ വിഷയമാണെങ്കിലും, ഒരു സത്യം നിലനിൽക്കുന്നു – തെരഞ്ഞെടുപ്പു സമയത്ത് ജനങ്ങളോടും അവരുടെ കാര്യങ്ങളോടും കാണിക്കുന്ന താത്പര്യം പലരും തെരഞ്ഞെടുപ്പു ജയിച്ച ശേഷം കാണിക്കാറില്ല. ഓരോ ജനവിഭാഗത്തിനും അവർക്ക് അനുയോജ്യരായ ഭരണാധികാരികളെയാണ് ലഭിക്കുന്നതെന്ന് എവിടെയോ വായിച്ചതോർക്കുന്നു.

തെരുവിൽ അലഞ്ഞു തിരിയുന്ന കന്നാലികളെപ്പോലും തെരഞ്ഞെടുപ്പു പ്രചരണാർത്ഥം ഉപയോഗിക്കുന്നതു കണ്ടത് ഈ തെരഞ്ഞെടുപ്പു കാലത്തെ ഒരു വേറിട്ട കാഴ്ചയായിരുന്നു. അതോടൊപ്പം ശ്രദ്ധയിൽപ്പെട്ട മറ്റൊരു പ്രധാന കാര്യം തെരഞ്ഞെടുപ്പിൽ മദ്യം ഉപയോഗിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന സ്ഥാനാർത്ഥികൾക്ക് വോട്ടു നൽകേണ്ടതില്ലെന്ന ഹരിയാനയിലെ രോഹ്തകിൽ വനിതകൾ എടുത്ത തീരുമാനമാണ്.

ധാരാളം ചുററി സഞ്ചരിക്കുവാൻ ഭാഗ്യം ലഭിച്ചതിനാൽ അനേകം ജനങ്ങളുമായി, അവരുടെ ജീവിതരീതികളുമായി അടുത്തു പരിചയപ്പെടുവാൻ ഇടയുണ്ടായി. അതിൽ നിന്നും ഉൾക്കൊള്ളുവാനായ ഒരു പാഠം ഇതാണ് – നമ്മുടെ നാട് നേരെയാകണമെങ്കിൽ, നമ്മുടെ ചുററുപാടുകൾ നേരെയാകണമെങ്കിൽ, നമ്മുടെ വീട് നേരെയാകണമെങ്കിൽ ആത്യന്തികമായി നാം നേരെയാകേണ്ടിയിരിക്കുന്നു. നമ്മുടെ ഉള്ളിന്റെ പ്രതിഫലനമാണ് നമ്മുടെ പുറംലോകം. പഞ്ചാബും, ഗുജറാത്തും, ഛത്തീസ്ഗഡും എല്ലാം അഭൂത പൂർവ്വമായ പുരോഗതിയിലേയ്ക്ക് നീങ്ങുന്നത് ആ ഭൂഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങൾ അത് ഉള്ളിന്റെ ഉള്ളിൽ ആഗ്രഹിക്കുന്നതു കൊണ്ടാണ്.

ഈ ലോകത്തെ എല്ലാ സമസ്യകളും മനുഷ്യ നിർമ്മിതമാണ്. ഇതിനു പരിഹാരവും നമ്മിൽ നിന്നു തന്നെയാണ് വരേണ്ടത്. നമ്മുടെ ഉള്ളിലേയ്ക്ക് നാം നടത്തുന്ന ഓരോ യാത്രയും സമസ്യകൾക്ക് സമാധാനം കണ്ടെത്തുവാൻ നമ്മെ കൂടുതൽ കൂടുതൽ സഹായിക്കും. ഇന്ന് നമുക്കു ചുററും കാണുന്നത് സ്നേഹത്തിന്റെ വരൾച്ചയാണ്. നാം ഓരോരുത്തരും അറിഞ്ഞോ അറിയാതെയോ സ്നേഹം ആഗ്രഹിക്കുന്നു. മുതിർന്നവരെ ബഹുമാനിക്കണം, ഇളയവർക്ക് സ്നേഹം നൽകണം എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. സമാനരോട് എന്താണ് ചെയ്യേണ്ടത് എന്ന് അറിയില്ല. കാലാനുസരണം ഒരു തിരുത്താകാം എന്നു തോന്നുന്നു – മുതിർന്നവരെ ബഹുമാനിക്കൂ, സമാനരെ ബഹുമാനിക്കൂ, ഇളയവരെ ബഹുമാനിക്കൂ. നന്മയുടെ സൂനങ്ങൾ വിരിയേണ്ടത് നമ്മുടെ ഉള്ളിലാണ്. മനസ്സിന്റെ കണ്ണാടിയിൽ തെളിയുന്ന സന്തോഷത്തിന്റെ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ കിരണങ്ങൾ നമുക്കു ചുറ്റും ചൊരിയുന്ന പ്രകാശവും അത്തരത്തിലുള്ളതാകും. സ്നേഹ സാഗരനായ സർവ്വേശ്വരന്റെ സന്താനങ്ങളായ നാം ഉള്ളിൽ സ്നേഹം നിറയ്ക്കൂ, ഏവർക്കും സ്നേഹം നൽകൂ.

ഇത്തവണ കണികാണുമ്പോൾ, മുന്നിൽ കാണുന്ന ദർപ്പണത്തോടൊപ്പം സ്വന്തം മനസ്സിന്റെ ദർപ്പണവുംകൂടി ഒന്നു നോക്കൂ. അതിൽ വിരിയുന്ന കണി എന്താണെന്നതിനെ ആശ്രയിച്ചിരിക്കും നിങ്ങളുടെ ഈ വർഷത്തെ വിഷുഫലം.



# താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ........................................................................................................ ദാദി ജാനകി

വിഷുകണിയും കൈനീട്ടവും.............................................................................ശാന്തി ഭായ്, ആലപ്പുഴ

മാതൃഭൂമി...............................................................................................................രമ്യ, പേരാമ്പ്ര, കോഴിക്കോട്

മഹത്വം..................................................................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

നചികേതസ്സ് ..........................................................................ബി. കെ. അനില, തിരുവനന്തപുരം

ദീപമേ നയിച്ചാലും.....................................................................ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര

ഓഫീസറുടെ പരിശോധന.......................................................................................സുനിത, പാലക്കാട്

ചില ഏപ്രിൽ മാസ ചിന്തകൾ....................................................................ബി.കെ. സുഭാഷ്, മൗണ്ട് ആബു

സ്നേഹ ഭാവം........................................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

പഞ്ചസായകൻ.........................................................................................................അനിൽ, തിരുവനന്തപുരം

ചില സാത്വിക ചിന്തകൾ.......................................................................പുഷ്പ, ചെറുകുളം. കോഴിക്കോട്



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

**മററുള്ളവരുടെ ആവശ്യങ്ങളെ അറിഞ്ഞ് വ്യവസ്ഥകളില്ലാതെ സഹായിക്കുന്നവർ ശരിയായ സന്തോഷം അനുഭവിക്കുന്നു.**


നൽകുന്നതിൽ ശരിയായ ആനന്ദമുണ്ട്. ആവശ്യമുള്ളത്, ഒന്നും തിരിച്ച് പ്രതീക്ഷിക്കാതെ, വ്യവസ്ഥകളില്ലാതെ നൽകുന്നതിന്റെ ആനന്ദം ഞാൻ മനസ്സിലാക്കുമ്പോൾ, ഞാൻ എന്റെ അന്തരാത്മാവുമായി അടുക്കുകയും ശരിയായ സന്തോഷം അനുഭവിക്കുകയും ചെയ്യുന്നു.

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# വിഷുക്കണിയും കൈനീട്ടവും

ശാന്തി ഭായ്, ആലപ്പുഴ

കേരളത്തിന്റെ ദേശീയ ഉത്സവമാണ് വിഷു. കൈനീട്ടങ്ങൾ നൽകിയും പടക്കങ്ങൾ പൊട്ടിച്ചും നമ്മൾ ആഘോഷിക്കുന്ന "വിഷു"വിന്റെ ഉള്ളിൽ ഒളിഞ്ഞു കിടക്കുന്ന സത്യത്തിലേയ്ക്കും രഹസ്യത്തിലേയ്ക്കും ഒരല്പനേരം സഞ്ചരിക്കാം. കണി ഒരുക്കുന്നതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ഉണ്ണികണ്ണന്റെ പ്രതിമ അല്ലെങ്കിൽ ചിത്രമാണ്. എന്തുകൊണ്ടാണ് ഈ ആഘോഷവേളയിൽ ശ്രീകൃഷ്ണന്റെ ചിത്രം വയ്ക്കുന്നത്? പുരാണങ്ങൾ പ്രമാണം ശ്രീകൃഷ്ണന്റെ ജന്മദിനം വിഷുവിനല്ല. എന്നിട്ടും എന്തുകൊണ്ടാണ് ശ്രീകൃഷ്ണന്റെ പ്രതിമ വയ്ക്കുന്നത്? സത്യയുഗത്തിലെ (സ്വർഗ്ഗത്തിലെ) പ്രഥമ പുരുഷൻ അഥവാ ഷോഡശ (16) കലാ സമ്പൂർണ്ണൻ ആയതിനാൽ ശ്രീഉണ്ണികണ്ണനെ നമ്മൾ കണിയിൽ വയ്ക്കുന്നു. ശ്രീകൃഷ്ണന്റെ പിറവി കലിയുഗമാകുന്ന കാരാഗ്രഹത്തിലാണെങ്കിലും നിഷ്കളങ്കമായ പുഞ്ചിരി ആരുടെയും ഹൃദയം കവരുന്നതാണ്. കണി കാണുന്ന സമയം 2 മണി മുതൽ തുടങ്ങുന്നു. ഈ ബ്രഹ്മമുഹൂർത്തസമയത്ത് ഉറക്കമുണർന്ന് ജഗദീശ്വരനെ ഓർക്കുന്നവർ സകല ദു:ഖങ്ങളിൽ നിന്നും മുക്തമാകുന്നു. അക്ഷയപാത്രമായ ഉരുളിയിലാണ് നമ്മൾ കണി വയ്ക്കുന്നത്. നെല്ല് നിത്യ അന്നത്തെ കുറിക്കുന്നു. ഫലമൂലാധികൾ സമ്പദ് സമൃദ്ധിയെ സൂചിപ്പിക്കുന്നു. ഉണ്ണികണ്ണന്റെ ഉടയാട പട്ട് വസ്ത്രമാണ്. അത് സത്യയുഗ രാജധാനിയുടെ വസ്ത്രമാണ്, സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. ദേഹബോധമാകുന്ന നാളികേരം ഉടച്ച് വെളുത്ത നിറമുള്ള ആത്മസ്വരൂപമാകുന്ന നാളികേരമുറിയിൽ ജ്ഞാനമാകുന്ന നറുനെയ്യ് നിറച്ച് ദീപം തെളിയിക്കുമ്പോൾ മനസ്സ് മാംസ (ശരീര) ത്തിൽ നിന്നും ഉണരുന്നു. കണിയിൽ വച്ചിട്ടുള്ള കണ്ണാടിയിൽ നോക്കിയാൽ ഞാൻ ആത്മാവാണെന്ന് കാണാൻ കഴിയും. കണികൊന്നയുടെ നിറം മഞ്ഞയാണ്, സ്വർഗ്ഗത്തിന്റെ നിറംകൂടിയാണിത്. കണിയിൽ വച്ചിട്ടുള്ള "ചന്ദനം" ഇത് ഭൂമിതത്വത്തെ കുറിക്കുന്നു. ഉണ്ണിക്കണ്ണന്റെ പാദങ്ങൾ ശ്രദ്ധിച്ചു നോക്കൂ. അതിൽ പാദരക്ഷയില്ല. അതായത് ഭൂമി സതോപ്രധാനമായിരുന്നു. "തീർത്ഥം" ജലതത്ത്വത്തെ കുറിക്കുന്നു ജലതത്ത്വവും സതോപ്രധാനമായിരുന്നു, അതിന്റെ പ്രതീകമായാണ് തീർത്ഥം സേവിക്കുന്നത്. 'പുഷ്പം' ആകാശതത്ത്വത്തെയും, 'ധൂപം' അഥവാ ചന്ദനത്തിരി വായു തത്ത്വത്തെയും, വിളക്കിലെ 'ദീപം' അഗ്നി തത്ത്വത്തെയും കുറിയ്ക്കുന്നു. ഈ തത്ത്വങ്ങളും പരിപൂർണ്ണമായി സതോപ്രധാനമായിരുന്ന സ്ഥലമാണ് സ്വർഗ്ഗം. ആ സ്വർഗ്ഗത്തിലെ ആദ്യത്തെ കുട്ടിയാണ് ശ്രീകൃഷ്ണൻ. സമീപ ഭാവിയിൽ വരാൻ പോകുന്ന സത്യയുഗത്തിന്റെ നാന്ദി കുറിക്കൽ കൂടിയാണ് വിഷു. ഇത് കേവലം ഒരു ദിവസം മാത്രം ആഘോഷിക്കുവാനുള്ളതല്ല, മറിച്ച് ജീവിതകാലം മുഴുവനും ആത്മബോധത്തിൽ കഴിയുകയാണെങ്കിൽ നിരന്തരമായ ആനന്ദം കിട്ടും സംശയമില്ല.

സത്യയുഗത്തിൽ അഥവാ സ്വർണ്ണിമയുഗത്തിൽ 100/100 ശതമാനവും സത്യമായിരുന്നു. ഇതിന്റെ പ്രതീകമായി സ്വർണ്ണനാണയങ്ങൾ കൈനീട്ടമായി നൽകുന്നു. ത്രേതായുഗത്തിന്റെ പ്രതീകമായി വെള്ളിനാണയങ്ങൾ നൽകിയിരുന്നു. ദ്വാപരയുഗത്തിന്റെ പ്രതീകമായി ചെമ്പ് നാണയങ്ങൾ, കലിയുഗത്തിന്റെ പ്രതീകമായി ഇരുമ്പ് ചേർന്ന

നാണയങ്ങൾ കൈനീട്ടം നൽകുവാൻ ഉപയോഗിക്കുന്നു. സ്വർണ്ണത്തിൽ നിന്ന് ഇരുമ്പിലേയ്ക്കുള്ള മാറ്റം അതായത് സത്യയുഗത്തിൽ ആത്മാവും പ്രകൃതിയും സതോപ്രധാനമായിരുന്നു. ത്രേതായുഗത്തിൽ നൂറ് ശതമാനത്തിൽ നിന്ന് 75% ആയി കുറയുന്നു. ദ്വാപരമാകുമ്പോൾ 50% ആകുന്നു, കലിയുഗത്തിൽ ശൂന്യമാകുന്നു. അല്ലെങ്കിൽ കറുത്തുപോകുന്നു. അതിനാൽ ശ്രീകൃഷ്ണനെ ശ്യാമ-സുന്ദരൻ എന്ന് വിളിക്കുന്നു. ഗർഭത്തിലൂടെ ജന്മം കൊണ്ട് പിന്നീട് പുനർ ജന്മങ്ങളെടുത്ത് ശ്രീകൃഷ്ണന്റെ ആത്മാവ് കറുക്കുന്നു. "ശ്യാമൻ" എന്നാൽ കറുത്തവൻ, സുന്ദരൻ എന്നാൽ വെളുത്തവൻ. സത്യയുഗം മുതൽ കലിയുഗം വരെ എല്ലായുഗങ്ങളിലും ശ്രീകൃഷ്ണന്റെ ആത്മാവ് ഉണ്ട്. മനുഷ്യ സൃഷ്ടി വൃക്ഷം ആൽമരമായി കാണിക്കുന്നു, അതിലെ ആദ്യത്തെ ഇലയാണ് ശ്രീകൃഷ്ണൻ. അതിനാൽ ശ്രീകൃഷ്ണനെ ആലിലയിൽ കാണിക്കുന്നു.ശ്രീകൃഷ്ണനെ സത്യയുഗത്തിലെ രാജകുമാരനാക്കിയ, ഒരമ്മയുടെ ഗർഭത്തിൽ ജന്മമെടുക്കാത്ത, ഉണ്ണാത്ത, ഉറങ്ങാത്ത, നിരാകാരനായ, സർവ്വശ്രേഷ്ഠനായ ജഗദീശ്വരൻ, ഗോപേശ്വരൻ എന്നെല്ലാം വിളിക്കുന്ന നിത്യജ്യോതി സ്വരൂപമായി തിളങ്ങുന്ന നിത്യ സത്യത്തെ, ആ പരമാത്മാവിനെ തിരിച്ചറിഞ്ഞ് വരദാനമാകുന്ന കൈനീട്ടം വാങ്ങി, ഈ ഭൂമിയിലെ മറ്റ് സഹോദരാത്മാക്കൾക്ക് നൽകുവാൻ ഈ വിഷു നിങ്ങൾക്ക് വരദാനമാകട്ടെ എന്ന് ആശംസ നേരുന്നു. ശ്രീകൃഷ്ണന്റെ കൂടെ സത്യയുഗത്തിൽ ശ്രേഷ്ഠ പദവി കരസ്ഥമാക്കാൻ ഈ വിഷു മുതൽ പവിത്രമാകൂ. എങ്കിൽ രാജയോഗത്തിലൂടെ സർവ്വപ്രാപ്തികളും നിങ്ങളെത്തേടി വരും സംശയമില്ല!!!

നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ പുതുവർഷം ആഘോഷിക്കുന്നത് മേടമാസം 1-ാം തീയതിയാണ്. ജ്യോതിശാസ്ത്ര പ്രകാരം ആദ്യ രാശിയും മേടം തന്നെ സൂര്യൻ മേടം മുതൽ മീനം വരെയുള്ള 12 രാശിയിൽ കൂടി കടക്കുന്നതാണ് ഒരു വർഷം. അങ്ങനെയെങ്കിൽ കേരളത്തിന്റെ പുതുവത്സരം വിഷുവിനാണ്. വിഷുഫലം എല്ലാ പഞ്ചാംഗത്തിലും നൽകിയിട്ടുണ്ട്.

# മാതൃഭൂമി

രമ്യ, പേരാമ്പ്ര, കോഴിക്കോട്

ജനനീ, ജന്മാമൃതമേകിയ ധരണീ
സൂര്യവംശം നെഞ്ചേറ്റിയ നിൻ മേനിയിൽ
ശൂദ്രനീതികൾ കോമരം തുള്ളവേ
പൂജിത പുഷ്പങ്ങൾ അമൃതവർഷം ചൊരിഞ്ഞൊരാ മണ്ണിതിൽ
ഇന്നിവൾ തൻ അശ്രു പുഷ്പങ്ങൾ പൂജ ചെയ്യവേ
ഉയിർകൊള്ളൂ പ്രിയേ ആയിരമായിരം
സുരഗണങ്ങൾ നർത്തനമാടിയ നിൻ
മഹത്ചരിതം വീണ്ടുമുണരട്ടെ.



# മഹത്വം

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

അമേരിക്കൻ പാർലമെന്റിൽ എബ്രഹാം ലിങ്കൺ പ്രസിഡന്റായി സ്ഥാനം ഏറ്റെടുക്കുന്ന അവസരത്തിൽ അദ്ദേഹത്തെ പ്രകീർത്തിച്ച് സംസാരിക്കുന്ന ചടങ്ങിൽ വച്ച് ഒരു മാന്യ ദേഹം ഇങ്ങനെ പറയുകയുണ്ടായി. താങ്കൾ ഇത്രയും വലിയ ഒരു പദവി ഏറ്റെടുക്കുന്ന അവസരത്തിൽ ഞാൻ ഈ പറയുന്ന കാര്യം ഒന്നോർമ്മയിൽ വയ്ക്കുന്നത് നന്നായിരിക്കും. താങ്കളുടെ പിതാവ് ഒരു ചെരിപ്പ് കുത്തിയായിരുന്നല്ലോ! ആ പാരമ്പര്യത്തിൽപ്പെട്ട താങ്കൾ ഇന്ന് അമേരിക്കയുടെ പരമോന്നത പദവി സ്വീകരിക്കുകയാണ്. ഈ അവസരത്തിൽ അതിന്റെ നേരിയൊരു ജാള്യത താങ്കളിൽ ഉണ്ടാവാതിരിക്കാൻ സാധ്യമല്ല. മാത്രമല്ല അത് നിഷേധിക്കാനാണ് താങ്കൾ ശ്രമിക്കുന്ന തെങ്കിൽ അതിന്റെ സത്യമായ തെളിവ് ഇപ്പോഴും എന്റെ കാൽപ്പാദങ്ങളെ അലങ്കരിക്കുന്നുമുണ്ട്. നിങ്ങളുടെ പിതാവ് തുന്നിയ ചെരിപ്പാണ് ഇപ്പോഴും ഞാൻ ഉപയോഗിക്കുന്നത്. ഇതിൽ താങ്കൾക്ക് എന്ത് മറുപടിയാണ് പറയാനുണ്ടാവുക? ചടങ്ങുകളുടെ സമാപന വേളയിൽ ലിങ്കൺ ഇങ്ങനെ പറഞ്ഞു. എന്നെ ആദരിച്ചു സംസാരിച്ച കൂട്ടത്തിൽ എന്റെ അച്ഛനേയും അച്ഛന്റെ കുലത്തൊഴിലിനേയും ഓർമ്മിപ്പിച്ചു പറഞ്ഞ ആ മഹത് വ്യക്തിയോട് ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ ഞാൻ വളരെ അഭിമാനിക്കപ്പെടുന്ന സമയമാണിത്. എന്റെ പിതാവിന്റെ മഹത്വത്തെ ഓർമ്മിപ്പിച്ച് സംസാരിച്ചതിൽ ഞാനദ്ദേഹത്തോട് വളരെ കടപ്പെട്ടിരിക്കുന്നു. കാരണം, എന്റെ പിതാവ് തുന്നിക്കൊടുത്ത ചെരിപ്പ് അദ്ദേഹം ഇപ്പോഴും ഉപയോഗിക്കുന്നു എന്നതുതന്നെയാണ് എനിക്ക് അഭിമാനമുണ്ടാക്കുന്നതും. തന്റെ തൊഴിലിനോടും തന്റെ കുലത്തിനോടും അദ്ദേഹം നീതിപുലർത്തി. വളരെ ശ്രദ്ധയോടും ആത്മാർത്ഥതയോടും തന്റെ കർത്തവ്യം ചെയ്തുകൊണ്ടാണ് അതിപ്പോഴും അദ്ദേഹത്തിന് ഉപയോഗിക്കാനാകുന്നത്. കർമ്മത്തോടുള്ള ആ സത്യസന്ധത തന്നെയാണ് ഞാനും പിന്തുടരാൻ ആഗ്രഹിക്കുന്നത്. ഇത്തരുണത്തിൽ താങ്കൾ ഇതു തന്നെ ഓർമ്മപ്പെടുത്തി യതിന് വാക്കുകൾക്കതീതമായ നന്ദി രേഖപ്പെടുത്തട്ടെ.

**ഹവിസ്സിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെയും കവിതകളിലെയും ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേതാണ്. അവ ബ്രഹ്മാകുമാരീസിന്റെയോ ഹവിസ്സിന്റെയോ അഭിപ്രായങ്ങളാണെന്ന് ധരിക്കരുത്.**

# നചികേതസ്സ്

ബി.കെ. അനില



വാജശ്രവസ്സ് എന്നൊരു ഋഷി ഉണ്ടായിരുന്നു. അദ്ദേഹം വിശ്വജീത്ത് യാഗം നടത്തി. സ്വർഗ്ഗ പദം നേടുവാൻ ഈ യാഗത്തിന്റെ സമാപ്തി യിൽ തന്റെ വസ്തുക്കളെല്ലാം ദാനം ചെയ്യണ മായിരുന്നു. വാജശ്രവൻ ദാനം ചെയ്യാൻ തുടങ്ങി. ഗോക്കളാകുന്ന ദക്ഷിണയെ കൊണ്ടുപോയത് പുത്രനായ നചികേതസ്സായിരുന്നു. എന്നാൽ ദാനം ചെയ്യപ്പെട്ട അവ, കഴിക്കാനും കുടിക്കാനും സാധി ക്കാത്ത, പാൽ ചുരത്താത്ത കറവ വറ്റിയ പശു ക്കളായിരുന്നു. പിതാവിന്റെ ഈ ദാനം അദ്ദേഹത്തെ സന്തോഷമില്ലാത്ത ലോകത്തായിരിക്കും എത്തിക്കുക എന്നത് നചികേതസ്സിനു ബോധ്യമായി. ഇത് മനസ്സി ലാക്കിക്കാനുള്ള ഉദ്ദേശ്യത്തോടെ നചികേതസ്സ് പിതാവിനോട് തന്നെ ആർക്കാണ് നൽകുക എന്ന് ചോദിച്ചു. അദ്ദേഹം ഒന്നും മിണ്ടിയില്ല. ഈ ചോദ്യം പിന്നെയും ആവർത്തിച്ചപ്പോൾ കുപിതായ അദ്ദേഹം, നിന്നെ ഞാൻ കാലന് കൊടുക്കുമെന്ന് പറഞ്ഞു. തന്നെ കാലന് കൊടുത്തിട്ട് എന്ത് കർത്തവ്യമാണ് പിതാവ് നിറവേറ്റുക എന്ന് നചികേതസ്സ് ചിന്തിച്ചു. നചികേതസ്സ് യമപുരിയിലേയ്ക്ക് യാത്രയായി. എന്നാൽ അവിടെ യമൻ ഉണ്ടായിരുന്നില്ല. 3 ദിവസങ്ങൾക്ക് ശേഷം എത്തിയ യമൻ കണ്ടത് ആഹാരമോ ജലപാനമോ, നിദ്രയോ ഇല്ലാതെ 3 രാപ്പകലുകൾ യമനെയും കാത്തു നിന്ന നചികേതസ്സിനെയാണ്. അതിഥിയായി എത്തിയ ബ്രാഹ്മണന് ഭക്ഷണം ലഭിക്കാതെ അലയേണ്ടി വന്നാൽ ആ ഗൃഹനാഥന്റെ ഐശ്വര്യങ്ങളൊക്കെയും ഇല്ലാതായിപ്പോകും. തന്റെ പുരിയിൽ വന്ന് 3 നാൾ പട്ടിണികിടക്കേണ്ടിവന്ന നചികേതസ്സിനോട് യമൻ വിഷമം അറിയിച്ചു. നചികേതസ്സിനെ വിഷമിപ്പിച്ച കാരണത്താൽ തനിക്ക് ദോഷം വരാതിരിക്കട്ടെ എന്ന് യമൻ പറഞ്ഞു. മാത്രല്ല, 3 ദിവസങ്ങൾ അങ്ങനെ വിഷമിക്കേണ്ടി വന്നതിൽ ഓരോ ദിവസത്തിനും വേണ്ടി ഓരോ വരം ചോദിച്ചു കൊള്ളാൻ ആവശ്യപ്പെട്ടു. തന്റെ പിതാവിന് തന്നോടുള്ള കോപം മാറണമെന്നും, സന്തുഷ്ടിയോടെ തന്നെ അനുഗൃഹിക്കണമെന്നും തന്നെക്കുറിച്ച് സന്തോഷത്തോടെ സംസാരിക്കണമെന്നും ആദ്യ വരം ആവശ്യപ്പെട്ടു. മൃത്യുവിന്റെ വായിൽ നിന്നും വിമുക്തനായ നിന്നെക്കൊണ്ട് പിതാവ് ക്ഷോഭ മില്ലാത്തവനാകുമെന്ന് യമൻ ആദ്യ വരം കൊടുത്തു. സ്വർഗ്ഗം പ്രാപിച്ച് അമരത്വം നേടാൻ ഉതകുന്ന അഗ്നിവിജ്ഞാനമാണ് താൻ രണ്ടാമതായി വരമായി ആവശ്യപ്പെടുന്നത് എന്ന് നചികേതസ്സ് പറഞ്ഞു. യമൻ അഗ്നിയെപ്പറ്റി പറഞ്ഞു കൊടുത്തു. മൂന്നാമതായി എന്തു വരം വേണം എന്ന് യമൻ ചോദിച്ചു. മരിച്ചു കഴിഞ്ഞാൽ മനുഷ്യൻ ഉണ്ടെന്നും ഇല്ലെന്നുമുള്ള സംശയത്തിന് പരിഹാരമുണ്ടാക്കി ത്തരണമെന്ന് മൂന്നാമത്തെ വരമായി ചോദിച്ചു. എന്നാൽ ഇത് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയാത്തതിനാൽ മറ്റൊരു വരം ചോദിക്കണമെന്ന് യമൻ ആവശ്യപ്പെട്ടു. എന്നാൽ ഇതിനു തുല്യ മായി മറ്റൊരു വരമില്ലെന്ന് നചികേതസ്സ് പറഞ്ഞു. നൂറു കൊല്ലം ജീവിച്ചിരിക്കുന്ന പുത്ര–പൗത്രന്മാരും, പശുക്കളും ആനകളും സ്വർണ്ണവും, കുതിരകളും, ഒരു സാമ്രാജ്യവും, തരാമെന്നും, കൂടാതെ എത്ര നാൾ ജീവിച്ചിരിക്കണമോ, അത്രയും കാലവും വരമായി തരാമെന്നും എല്ലാ സുഖഭോഗ വസ്തുക്കളും തരാമെന്നും, അത് വരമായി ചോദിച്ചു കൊള്ളൂ എന്നും യമൻ പറഞ്ഞു. എന്നാൽ അവയൊക്കെ നശ്വരമാണെന്നും അതൊന്നും തനിക്ക് ആവശ്യ മില്ലെന്നും തനിക്ക് ആയുസ്സിനും സമ്പത്തിനും മുകളിലായി ആത്മ ജ്ഞാനമാണ് ആവശ്യം എന്ന് നചികേതസ്സ് പറഞ്ഞു. ഒടുവിൽ ആത്മ ജ്ഞാനവും യോഗവിദ്യയുമാകുന്ന മൂന്നാമത്തെ വരം യമനിലൂടെ നേടി, രജോഗുണം മാറ്റി,


നചികേതസ്സ് ബ്രഹ്മപദം പ്രാപ്തമാക്കി എന്നു പുരാണം പറയുന്നു. ഈ വരങ്ങളിൽ വലിയ സിദ്ധാന്തങ്ങളുണ്ട്. ആദ്യത്തെ വരം ചോദിക്കുന്നത് തന്റെ പിതാവിന്റെ കോപം മാറ്റാനും, പിതാവ് സന്തുഷ്ടനാകുകയും തന്നെ അനുഗ്രഹിക്കുകയും വേണം എന്നതുമാണ്. നചികേതസ്സിന്റെ മുഖ്യ ഉദ്ദേശ്യം ആത്മജ്ഞാനം നേടുക എന്നതായിരുന്നു. എന്നാൽ അതിനുള്ള വാതിൽ തുറക്കുന്നത് സഹാനുഭൂതിയുടെയും ക്ഷമാ ഭാവത്തിന്റെയും ഹൃദയം ഉണ്ടാകുമ്പോഴാണ്. നമ്മളോട് തെറ്റ് കാണിച്ചവരോടുപോലും നമ്മുടെ ഹൃദയത്തിൽ ക്ഷമാഭാവം വരണം. രണ്ടാമത്തെ വരം ചോദിക്കുന്നത് അഗ്നിവിജ്ഞാനമാണ്. കളങ്കമില്ലാതെ പ്രകാശിക്കുന്നതാണ് അഗ്നി. ഇരുട്ടിനെ മാറ്റി പ്രകാശം പരത്തുന്ന സൂര്യൻ ഊർജ്ജം പകർന്ന് ഭൂമിയെ ചൈതന്യവത്താക്കുന്നു. അതിലൂടെയാണ് മനുഷ്യർക്ക് ആവശ്യമായ അന്നവും ഊർജ്ജവുമെല്ലാം ലഭിക്കുന്നത്. അതുപോലെത്തന്നെയാണ് അഗ്നിയും. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമാണ് അഗ്നി. അഗ്നിയ്ക്ക് ഭസ്മീകരിക്കുവാനുള്ള ശക്തിയുമുണ്ട്. അഗ്നിയിൽ പതിക്കുന്ന വസ്തുക്കളെ ശുദ്ധീകരിക്കുന്നതിനുള്ള ശക്തി അതിനുണ്ട്. അതിനാൽ അഗ്നിയുടെ വരം ചോദിക്കുന്നത് മാനസിക ഊർജ്ജം പകർന്ന് വിവേകത്തെ ഉണർത്തപ്പെടട്ടെ എന്നത് ഉദ്ദേശിച്ചുകൊണ്ടാണ്. കാരണം, ഈ രണ്ടാമത്തെ വരം ലഭിച്ചപ്പോൾ ഇന്ദ്രിയ സുഖങ്ങൾ നേടിത്തരുന്ന പല പ്രകാരത്തിലുള്ള പ്രലോഭനങ്ങൾ യമനിൽ നിന്നും ഉണ്ടായിട്ടും ലൗകിക വസ്തുക്കളെ നചികേതസ്സ് നിസ്സാരമായി കരുതി. ആത്മജ്ഞാനത്തിലൂടെ മാത്രമേ ശാശ്വതമായ സുഖം ലഭിക്കൂ എന്നതിൽ ഉറച്ചുനിൽക്കാൻ നചികേതസ്സിന് കഴിഞ്ഞു. അതുകൊണ്ട്. അഗ്നിവിജ്ഞാനം എന്നത് തിന്മയെ ഇല്ലാതാക്കി, നന്മയെയും സത്യത്തെയും ബലപ്പെടുത്തി ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പ്രാപ്തി നേടാൻ യോഗ്യമാക്കുന്ന ശക്തിയെ സൂചിപ്പിക്കുന്നതാണ്. വെളിച്ചം ഉള്ള സ്ഥലത്ത് ഇരുട്ട് ഉണ്ടായിരിക്കുകയില്ല. സത്യത്തിന്റെ വെളിച്ചത്തിന്റെ പാതയിൽ നിന്നും മാറാതിരിക്കുവാനുള്ള ശക്തി ലഭിക്കുമ്പോൾ, അതിലൂടെ ഗുണങ്ങൾ വർദ്ധിക്കും. ജീവിതത്തിൽ ഐശ്വര്യം നിറയ്ക്കപ്പെടും. മൂന്നാമത്തെ വരം ചോദിക്കുന്നത് ആത്മജ്ഞാനത്തിന്റേതാണ്. ഓം എന്നത് അറിയുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്നതിന്റേതാണ്. ഓം എന്നത് ആദിയോ അന്തമോ ഇല്ലാത്ത ആത്മസ്വരൂപമാണ്. ശരീരത്തെ രഥമായും ജീവാത്മാവിനെ രഥത്തിന്റെ ഉടമസ്ഥനായും ബുദ്ധിയെ സാരഥിയായും മനസ്സിനെ കടിഞ്ഞാണായും തിരിച്ചറിയണം. ഇന്ദ്രിയങ്ങളാണ് ഈ രഥത്തിലെ കുതിരകൾ. ജീവാത്മാവ് തന്റെ മനസ്സിനെ നിയന്ത്രിച്ച് ശുദ്ധമായ ഹൃദയത്തോടെ മുന്നേറി, സത്കർമ്മങ്ങൾ ചെയ്യണം. ജ്ഞാനമാർഗ്ഗത്തിലൂടെ സഞ്ചരിച്ച് പരമാത്മാസത്ത സ്വീകരിക്കാൻ കഴിയണം. അപ്പോൾ പരമപദമായ മുക്തിയും ജീവൻമുക്തിയും പ്രാപ്തമാക്കാൻ കഴിയും.

തന്റെ പിതാവ് ക്രോധം കാരണം തന്നെ യമപുരിയിലേയ്ക്ക് അയച്ചുവെങ്കിലും നന്മയും ദിവ്യവിവേകവുമാണ് നചികേതസ്സിനെ അമരത്വത്തിന് യോഗ്യനാക്കിയത് എന്നത് ഇതിലൂടെ സ്പഷ്ടമാകുന്നു.

## മഹദ്വചനങ്ങൾ

**ആദ്യം അവർ നിങ്ങളെ അവഗണിയ്ക്കും,**
**പിന്നെ അവർ നിങ്ങളെ കളിയാക്കിച്ചിരിയ്ക്കും,**
**ശേഷം അവർ നിങ്ങളോട് പൊരുതും,**
**ഒടുവിൽ നിങ്ങൾ വിജയിയ്ക്കും.**

**മഹാത്മാ ഗാന്ധി**





# ദീപമേ നയിച്ചാലും

ജനാർദ്ദന ഉണ്ണിത്താൻ

ആധുനിക ലോകം വളരെ മുന്നേറിക്കഴിഞ്ഞു. സയൻസും ടെക്നോളജിയും മനുഷ്യനെ മറ്റു ഗ്രഹങ്ങളിലെത്തിക്കാനും സമുദ്രത്തിന്റെ ആഴത്തിലും ഭൂഗർഭത്തിലും അരിച്ചുപെറുക്കാനും അംബരചുംബികളായ മഹാസൗധങ്ങൾ നിർമ്മിക്കാനും IT യിലൂടെ വിശ്വത്തെ വിരൽത്തുമ്പിലൊതുക്കാനും കഴിഞ്ഞു. ഇതെല്ലാം നേടാൻ സയൻസ് നൽകിയ ഉപഹാരമാണ് ശബ്ദവും വെളിച്ചവും. ഈ വെളിച്ചം ഇല്ലായിരുന്നെങ്കിൽ? "നാം രചിച്ചതുപോലെ ഈ വെളിച്ചം ഒരു ദിവസം അപ്രത്യക്ഷമാകും. ഓർത്തുനോക്കൂ! ആ ഒരവസ്ഥയെപറ്റി". വർണ്ണാഭമായ ഈ പ്രപഞ്ചം ഒരു നാൾ അന്ധകാരമായാൽ..? ഭൂമി ഒരു തമോഗർത്തമായി മാറിയാൽ ആധുനിക മനുഷ്യനു നൽകിയ എല്ലാ സുഖങ്ങൾക്കും പിന്നിൽ ദുരന്തവും ഒളിഞ്ഞിരിക്കുന്നതു കാണാം. ഒരിക്കലും ദുരന്തം സംഭവിക്കാതെ ആധുനിക ശാസ്ത്രത്തെ സുരക്ഷിതമാക്കാൻ വേണ്ടത് ആന്തരീക വെളിച്ചമാണ്.

ഭാരതത്തിന്റെ തനതായ എല്ലാ ആചാരങ്ങൾക്കും ദീപം ഒരു അവിഭാജ്യഘടകമാണ്. ക്ഷേത്രങ്ങളിലും ഗുരുദ്വാരകളിലും പള്ളികളിലും ആശ്രമങ്ങളിലും ഗൃഹങ്ങളിലും എല്ലാം ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ദീപം. സന്ധ്യാദീപത്തിന് പ്രത്യേകമഹത്ത്വം ഉണ്ട്. അതുപോലെ ഉദയം ദർശ്ശിക്കുന്നതും പുണ്യമായി കരുതുന്നു.

ഇതിന്റെ എല്ലാം പൊരുൾ തേടുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് സാധാരണ ദീപത്തെയല്ല ഉപാസിക്കുന്നത് എന്നാണ്. വേദമാതാവെന്ന് പുകൾപെറ്റ ഗായത്രിമന്ത്രം തന്നെ നോക്കാം

'ഓം തത് സവിതുർ വരേണ്യം
ഭർഗോ ദേവസ്യ ധീമഹി'

എന്നതിന്റെ ഭാവാർത്ഥമാണ് 'ഞാൻ ദൃഷ്ടിഗോചരമായ സൂര്യനു സമാനം തേജോമയമായ ആ പ്രകാശസ്വരൂപനായ പരമാത്മാവിനെ ധ്യാനിക്കുന്നു. ഒരു ചതുർയുഗമായ കല്പത്തിന്റെ യാത്രയുടെ അന്ത്യസമയത്ത് ദേഹബോധമെന്ന അജ്ഞാനം നിറഞ്ഞു നിൽക്കുമ്പോൾ ആത്മബോധമെന്ന ജ്ഞാനപ്രകാശവുമായി പരമാത്മാവ് അവതരിക്കുന്നു. അതിൽ നിന്നും ആത്മജ്ഞാനം നേടി ദേഹമാണെന്ന മിഥ്യാബോധത്തിൽ നിന്നും ഉണർന്നവരുടേയും പരമാത്മാവിന്റേയും ഓർമ്മയ്ക്കാണ് സന്ധ്യാദീപം തെളിക്കുന്നത്. ക്ഷേത്രങ്ങളിലെ ദീപാരാധനയും ചുറ്റമ്പലങ്ങളിലെ ദീപാലങ്കാരങ്ങളും വ്യത്യസ്ഥമല്ല. ദീപാരാധന സമയത്ത് നട അടക്കുമ്പോഴും ഒരു പ്രധാനദീപം സദാ ജ്വലിച്ചുകൊണ്ടിരിക്കും. അത് പരമാത്മാവെന്ന സങ്കല്പമാണ്. പിന്നീട് 54 ഉം 108 ഉം അതിൽ കൂടുതലോ തിരികളുള്ള ആരതി തട്ടം തെളിച്ച ശേഷം നട തുറന്ന് അതെടുത്ത് പ്രധാന ദീപത്തിന് ആരതി നടത്തുന്നു. അർത്ഥം പുറത്ത് ദീപാരാധന തൊഴാൻ നിൽക്കുന്നവരുടെ മുഴുവൻ റപ്രസെന്റേഷനാണ് ആരതിതട്ടത്തിലെ കൊച്ചു ദീപങ്ങൾ. ഭാവാർത്ഥം മഹാജ്യോതിസ്വരൂപനായ പരമാത്മാവിനെ ജീവാത്മാക്കളായ ആത്മജ്യോതിസുകൾ ആരാധിക്കുന്നു.

ലോകത്തുള്ള സ്ഥൂലപ്രകാശത്തിലൂടെ പഞ്ചഭൂത നിർമ്മിതമായതെല്ലാം കാണാൻ കഴിയും എന്നാൽ പഞ്ചഭൂതങ്ങളല്ലാത്ത ആത്മാ, പരമാത്മാ, സൂക്ഷ്മ

ലോകം, പരംധാമം മുതലായവയെല്ലാം ദർശിക്കാൻ ആത്മപ്രകാശം തന്നെ വേണം. ഈ വെളിച്ചത്തിനു വേണ്ടിയാണ് രണ്ടു യുഗങ്ങളായി സാധകർ സാധന ചെയ്തു വരുന്നത്. എന്നാൽ ഇന്നു ഈ വെളിച്ചം തെളിയുന്ന സീസനാണ്. ഈ വെളിച്ചം നിറച്ചവരാണ് 33 കോടി ദേവതകൾ. അവരുടെ ക്ഷേത്രങ്ങൾ ദീപാരാധനയും ദീപാലങ്കാരങ്ങളുമായി നിത്യ സ്മാരകങ്ങളായി നിലകൊള്ളുന്നു.

ഒരു മതഗ്രന്ഥത്തിൽ വായിച്ചതോർക്കുന്നു, സൃഷ്ടിയുടെ അന്ത്യത്തിൽ കുറ്റവിചാരണവേളയിൽ ഒരുതരം ചെകുത്താന്റെ പെട്ടി എല്ലാ വീടുകളിലും പ്രത്യക്ഷമാകും. വ്യത്യസ്ഥ വർണ്ണങ്ങളും ശബ്ദവും പുറപ്പെടുവിക്കുന്ന പെട്ടിക്കുള്ളിൽ തലയിട്ടുകൊണ്ട് ലോകത്തെ ഭൂരിപക്ഷം പേരും ഇരിക്കുമ്പോൾ ദൈവം സ്വർഗ്ഗത്തിലേക്ക് കൂട്ടികൊണ്ട് പോകാൻ വരും. അപ്പോൾ വളരെ കുറച്ച് പേരെ പോകാൻ ഉണ്ടാകൂ. ബാക്കിയുള്ളവർ ആ പെട്ടിക്കുള്ളിൽ തന്നെ നശിക്കും. ഇന്നു മനുഷ്യനെ അടിമയാക്കിയിരിക്കുന്ന T V യുടേയും Internet ന്റേയും അതിരു കടന്ന ഉപയോഗത്തെ പറ്റിയല്ലേ ഈ സൂചന.

അതുകൊണ്ട് ഓരോരുത്തരും തന്റെ ആത്മദീപത്തെ തെളിച്ച് അതിൽ നിന്നും ആയിരം ആയിരം ആത്മദീപങ്ങൾ തെളിക്കട്ടെ! അങ്ങനെ ഭാരതം നിത്യവും ദീപാവലിയും കാർത്തിക വിളക്കും സദാ ചൈതന്യമായി തെളിഞ്ഞു നിൽക്കുന്ന ഒരു സ്വർണ്ണിമ ലോകമായി തീരട്ടെ !

## ഓഫീസറുടെ പരിശോധന

**സുനിത, പാലക്കാട്**



ഒരു മുനിസിപ്പാലിറ്റി ഓഫീസർ അടുത്തു കണ്ട ഒരു കൃഷിയിടത്തിൽ കയറി. അവിടെ കണ്ട വയസ്സനായ ഒരു കൃഷിക്കാരനോട് പറഞ്ഞു 'എനിക്കീ കൃഷിയിടത്തിൽ അനധികൃതമായി താങ്കൾ ലഹരിമൂല്യ സസ്യങ്ങൾ വളർത്തുന്നുണ്ടോ എന്ന് പരിശോധിക്കണം'.കർഷകൻ പറഞ്ഞു: സമ്മതിക്കുന്നു. താങ്കൾക്ക് പരിശോധിക്കാം. "പക്ഷേ", കർഷകൻ ഒരു സ്ഥലത്തെ ചൂണ്ടി കാണിച്ചു പറഞ്ഞു, "താങ്കൾ ആ ഭാഗത്തേക്ക് പരിശോധന നടത്തരുത്".

ഇതുകേട്ട ഓഫീസർ പൊട്ടിത്തെറിച്ചുകൊണ്ട് കർഷകനോട് പറഞ്ഞു, ഹേ! മനുഷ്യാ ഞാൻ ഒരു സർക്കാർ ഉദ്യോഗസ്ഥനാണ്. തന്റെ പോക്കറ്റിൽ നിന്നും ID കാർഡ് കാണിച്ചുകൊണ്ട് ഉദ്യോഗസ്ഥൻ തുടർന്നു. എനിയ്ക്ക് ഇവിടെ എവിടെ വേണേലും പരിശോധന നടത്താം. എവിടെ വേണേലും കയറിച്ചെല്ലാം.

ഇതെല്ലാം കേട്ട കൃഷിക്കാരൻ ഒന്നും മിണ്ടാതെ ഉദ്യോഗസ്ഥനോട് ക്ഷമ യാചിച്ചുകൊണ്ട് പറഞ്ഞു "താങ്കൾ പരിശോധിച്ചാലും". കുറച്ചുസമയത്തിനു ശേഷം ഒരു അലർച്ച കേട്ട് കൃഷിക്കാരൻ നോക്കുമ്പോൾ ഉദ്യോഗസ്ഥൻ ജീവനുംകൊണ്ട് പാഞ്ഞുവരുന്നത് കണ്ടു. തൊട്ടുപുറകിൽ കൃഷിക്കാരന്റെ പശുവും ഉണ്ടായിരുന്നു. ഒടുവിൽ കൃഷിക്കാരൻ ആയുധമെടുത്ത് പശുവിനെ തളച്ചുകെട്ടി. ആയുധങ്ങളെല്ലാം മാറ്റിയശേഷം ഉദ്യോഗസ്ഥനോട് പറഞ്ഞു- താങ്കളുടെ ID കാർഡ് പശുവിന് കാണിച്ചു കൊടുത്തു. അതുകണ്ടപ്പോൾ പശുവിന് മനസ്സിലായി താങ്കൾ വലിയൊരു ഉദ്യോഗസ്ഥനാണെന്ന് !!!

ആശയം: അഹങ്കാരം ആപത്താണ്.



# ചില ഏപ്രിൽ മാസ ചിന്തകൾ

ബി.കെ. സുഭാഷ്, മൗണ്ട് ആബു

വിഷു വരികയാണ്. കണ്ണനെ കണികണ്ടുണരാനും കണികാട്ടുവാനും കൈനീട്ടം വാങ്ങുവാനും കൊടുക്കുവാനും മലയാളി ഏതു മണ്ണിലിരുന്നാലും മറക്കില്ല. ഐശ്വര്യത്തിന്റേയും സമ്പൽ സമൃദ്ധിയുടെയും വർഷം സ്വപ്നം കാണുന്നവർക്ക് വിഷുകണിയായികുറച്ച് വിഷു കാഴ്ചകൾ... അവയിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം.

ശ്രീ ഗുരുവായൂരപ്പന്റെ തിരുനടയ്ക്ക് മുന്നിൽ ക്ഷേത്ര വളപ്പിന് വെളിയിലായ് മാല കോർത്തു കൊണ്ടിരിക്കുന്ന യുവതിയോട് സ്നേഹം തോന്നി കല്ല്യാണം കഴിക്കാനാഗ്രഹിച്ച സുന്ദരനായ പ്രവാസി യുവാവ് പെൺകുട്ടിയോട് ചോദിച്ചത്രേ.. ഞാൻ വിദേശത്തേക്ക് പോവുകയാണ് മടങ്ങി വരുമ്പോൾ താങ്കൾക്ക് എന്തു കൊണ്ടു വരണം എന്ന്. അതിനുള്ള യുവതിയുടെ ഉത്തരം ഇങ്ങനെയായിരുന്നു. കുറച്ച് നല്ല വാഴനാര് കൊണ്ടു വന്നോളൂ. ഗുരുവായൂരപ്പന് മാല കെട്ടി കഴുത്തിൽ ചാർത്തിക്കാല്ലോ..മറ്റൊന്നും കാണാതെ കണ്ണനെ മാത്രം കണ്ട് ആ ചിന്തകളിൽ മുഴുകിയിരിക്കുന്ന പെൺകുട്ടിയുടെ മുമ്പിൽ യുവാവിന്റെ മാത്രമല്ല നമ്മുടേയും പല കാഴ്ചകളും കാഴ്ച്ചപ്പാടുകളും തോറ്റുപോയേക്കാം. സൂർദാസെന്ന ഭക്ത കവി രാമനെ കാട്ടാതെ പുറം കാഴ്ച്ചകളിൽ മനസ്സിനെ കുടുക്കി അലയിപ്പിക്കുന്ന കണ്ണിനെ വെറുത്ത്, അത് സ്വയം ചൂഴ്ന്നെടുത്ത് കളഞ്ഞുവത്രേ. അതിനു ശേഷം അകക്കണ്ണിൽ രാമനെ കണ്ട് സായൂജ്യം അടഞ്ഞു.

ദ്രോണരുടെ ആജ്ഞയായിരുന്നു അർജ്ജുനന് ഇരുട്ടത്ത് ആഹാരം കൊടുക്കരുത് എന്നത്. എന്നാൽ ഒരിക്കൽ ആഹാരം കഴിക്കുന്നതിനിടയിൽ വിളക്കണഞ്ഞു. അർജ്ജുനൻ ഭീമനോടു പറഞ്ഞു. വിളക്കണഞ്ഞല്ലോ..ഒരു പ്രശ്നവുമില്ല വായ്ക്കെന്തിന് വെട്ടം? ഭീമന്റെ ഉത്തരം അർജ്ജുനന്റെ തലയിൽ വേറൊരു തലത്തിൽ പ്രവർത്തിച്ചു. അമ്പിനെന്തിന് കാഴ്ച്ച. ആ ചിന്തയിൽ നിന്ന് ഉടലെടുത്തതാണ് ശബ്ദഭേരി ബാൺ. കൗരവരേയും പാണ്ഡവരേയും ഗുരുവിനേയും അമ്പരപ്പിച്ച് കണ്ണുകെട്ടി നിന്ന് വില്ലിൽ നിന്ന് അസ്ത്രം പായിച്ച് ലക്ഷ്യം ഭേദിച്ചപ്പോൾ അർജ്ജുനൻ ആദ്യം നന്ദി പറഞ്ഞത് അത്താഴ സമയത്തു കടന്നു വന്ന ഇരുട്ടിനും ഭീമൻ ചേട്ടന്റെ വാക്കുകൾക്കുമായിരുന്നു.

ദ്രോണരെന്ന മഹാഗുരു തനിക്കു വിദ്യ നിഷേധിച്ചപ്പോൾ ഏകലവ്യൻ എന്ന കാട്ടാളച്ചെക്കൻ നിഷേധം എന്ന ഇരുട്ടിൽ നിന്ന് പ്രകാശം ഉൾക്കൊണ്ട്, ദ്രോണരുടെ പ്രതിമ നിർമ്മിച്ച്, അതിൽ ഗുരുവിനെ കണ്ട് ധനുർവിദ്യ അഭ്യസിച്ചു. തങ്ങളുടെ വേട്ടപ്പട്ടിയുടെ വായിൽ ഏഴുകൂരമ്പുകൾ തറപ്പിച്ച കാട്ടാളച്ചെക്കനെ കണ്ട് പാണ്ഡവരും കൗരവരും അമ്പരന്നപ്പോൾ, ദ്രോണർ സ്വയം തിരിച്ചറിഞ്ഞു തന്റെ നൂറ്റഞ്ച് ശിഷ്യന്മാരും ചെയ്യാത്ത വിദ്യയാണിത്. ഒരു പക്ഷേ അർജ്ജുനന്റെ അസ്ത്രം കുരുക്ഷേത്ര ഭൂമിയിൽ വെച്ച് തന്റെ നെഞ്ചിടം തകർത്ത് മരണത്തിലേക്ക് കൂട്ടികൊണ്ടു പോകുമ്പോഴുണ്ടാകുന്ന വേദനയെക്കാളുപരി ദ്രോണർ വേദന അനുഭവിച്ചത് വലംകൈയുടെ പെരുവിരലെന്ന ഗുരുദക്ഷിണ ഏകലവനിൽ നിന്ന് കൈ പറ്റുമ്പോഴാണ്. ദ്രോണരെന്ന മഹാഗുരു എപ്പോഴാണോ തന്റെ സ്വാർത്ഥ താൽപ്പര്യാർത്ഥം പഴയ സഹപാഠിയോടുള്ള കണക്കുവീട്ടലിനായി നൂറ്റഞ്ച് പേരെ വിദ്യ അഭ്യസിപ്പിച്ചത്, അവരിൽ നൂറും സഹപാഠികളും സഹോദരങ്ങളുമായവരുടെ കൈകൊണ്ടു തന്നെ കൊല്ലപ്പെട്ടു. ഇനിയുള്ളത് പുത്രൻ. ചതിയുടെ പര്യായം പോലെ ലോകം കാണുന്ന കഥാപാത്രം. അശ്വധാമാ. അരിമാവു കലക്കി പാലെന്ന് പറഞ്ഞ് മകനെ കുടിപ്പിച്ചപ്പോൾ ദ്രോണർ അറിഞ്ഞിരുന്നില്ല യുദ്ധാവസാനം കൂരിരുട്ടിൽ കൂടാരങ്ങളിൽ തളർന്നുറങ്ങുന്ന പാണ്ഢവ സൈന്യത്തിന്റെ ഉന്മൂലനാശത്തിന്റെ കാരണഭൂതമായി തന്റെ മകൻ മാറുമെന്ന്. അശ്വധാമാവിൽ നിന്നും അശുദ്ധാത്മാവിലേക്കുള്ള മാറ്റം. ബൈബിൾ പറയുന്നുണ്ട്. വിശ്വാസം കടുകുമണി പോലാകണ

മെന്ന്. ചെറുതാകാനല്ല. കടുകു പോലെ ഉള്ളിൽ വിടവില്ലാത്ത അവസ്ഥ. അതിൽ സ്വാർത്ഥതയുടെ കറപുരളുമ്പോഴാണ് പരാജയങ്ങളുടെ പടുകുഴിയിലേക്ക് പലരും വീണുപോകുന്നത്.

ഏപ്രിൽ മാസത്തിൽ ഒരു കൊച്ചുകുട്ടി സ്വയം വിഷുകണിയായി എന്റെ മുമ്പിലെത്തുകയുണ്ടായി. ഞങ്ങൾ താമസിക്കുന്നതിനടുത്തുള്ള ട്രെയിനിംഗ് സെന്ററിൽ ചായ കൊടുക്കുന്ന സ്ഥലത്തേക്ക് നടക്കുമ്പോഴാണ് ഞാൻ ആ കുട്ടിയെ കാണുന്നത്. എട്ടോ ഒൻപതോ വയസ്സു പ്രായമുള്ള ആ കുട്ടിയുടെ തോളിൽ പിടിച്ച് ഒരു വൃദ്ധൻ നടക്കുന്നു. കണ്ണു കാണാത്ത അയാൾക്ക് വടിയില്ല. അയാൾ കുട്ടിയുടെ തോളിൽ പിടിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ ശരിയാകില്ല, തൊട്ടിരിക്കുന്നു. അതാണ് ശരി. കുട്ടിയുടെ രണ്ടു കൈയ്യും ഫ്രീയാണ്. അവനതുകൊണ്ട് അവന്റേതായ കളികളിൽ തിരക്കാണ്. അതിനിടയിൽ വൃദ്ധന് ചായ എടുത്തു കൊടുക്കുന്നു. പിന്നെ തിരിഞ്ഞ് നടക്കുന്നു. സ്വന്തം കളികളിൽ മുഴുകികൊണ്ട് തന്നെ. അവൻ പടികളിറങ്ങുമ്പോൾ തോളിൽ തൊട്ടുകൊണ്ട് വൃദ്ധനും. പത്തു മുപ്പത്തെട്ടു പടിയിറങ്ങിയാലാണ് താഴെയെത്തുക. ഓരോ പടിയും അരയടി പൊക്കം കാണും അവസാന ഒന്നു രണ്ട് പടികൾ ഒരൽപ്പം ഉയരം കൂടിയവയാണ്. പെട്ടന്ന് ഞാനവർക്കൊപ്പം നടന്നു. മൂന്നാമതൊരാളായിതന്നെ. ഒരിക്കലും കുട്ടി വൃദ്ധന് നിർദ്ദേശം കൊടുക്കുന്നത് ഞാൻ കണ്ടില്ല. അവസാന പടിയും ഇറങ്ങി കുട്ടി റോഡിലേക്ക് കാൽവെയ്ക്കുകയും ഒരു ലോറി ചേർന്ന് പാഞ്ഞ് കടന്നു പോയി. കുട്ടി നിന്നതും ഒപ്പം വൃദ്ധനും നിന്നു. വൃദ്ധനെ പിടിച്ചുനിർത്താനായി ഒരുങ്ങിയ എന്റെ കൈകളേക്കാൾ വേഗത്തിൽ അവർ നിന്നിരിക്കുന്നു. തിരിഞ്ഞു നടക്കുമ്പോൾ എനിക്കു മനസ്സിലായി വിശ്വാസമെന്ന ശബ്ദത്തിന്റെ ആവിഷ്ക്കാര രൂപങ്ങളാണ് എന്റെ കൺമുമ്പിൽ കണ്ടത്.




ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.



# സ്നേഹ ഭാവം

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഈ ലോകത്ത് അതാതിന്റെ യാഥാർത്ഥ്യതയോടെ ജീവിക്കണമെങ്കിൽ പ്രകൃതിക്ക് ഒരു നിയമമുണ്ട്. അതനുസരിക്കണം. മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, വൃക്ഷങ്ങൾ, ചെടികൾ എല്ലാറ്റിനും അതാതിന്റെ നിയമങ്ങൾ. മനുഷ്യരൊഴിച്ച് മറ്റെല്ലാ വിഭാഗങ്ങളും അതനുസരിക്കുന്നുണ്ടായിരുന്നു. എന്നാൽ മനുഷ്യന്റെ നിയമം തെറ്റിക്കൽ മറ്റെല്ലാറ്റിനും അന്തിമമായി വിന വരുത്തുന്നതായിത്തീർന്നു. ആ വിഭാഗത്തിന്റെ സ്വേച്ഛാധിപത്യം, സ്വാർത്ഥത, കരുണയില്ലായ്മ, സ്നേഹമില്ലായ്മ, പരിഗണനയില്ലായ്മ, അതിമോഹം ഇതൊക്കെ പ്രകൃതിദത്തമായ നന്മയെ ഉഴുതു മറിച്ചു. മനുഷ്യന്റെ ബുദ്ധി അത്യുന്നതങ്ങളിൽ വിഹരിക്കുന്നു. ആ തിമിരത്തിൽ അവനതു ഏകിയ സുപ്രീം പവ്വറിനെ അവൻ മറക്കുന്നു. എല്ലാമെല്ലാം സ്വന്തം മിടുക്കായി മാത്രം കാണുന്നു. സയൻസിന്റെ വളർച്ച മനുഷ്യവിഭാഗത്തിന് പറഞ്ഞറിയിക്കാനൊക്കാത്ത നന്മകൾ നേടിതന്നു. എന്നാൽ അതിനേക്കാൾ തിന്മ, ആപത്തു അവനു നേരേ തന്നെ വന്നു തുടങ്ങി. അവന് പരിഹരിക്കാനാവാത്തവണ്ണം അവനെത്തന്നെ വിഴുങ്ങുകയാണ്. അവൻ കണ്ണുതുറന്നേ പറ്റൂ. ബാഹ്യമായ കണ്ണുകൊണ്ട് അതൊക്കെ പിടിച്ചു പറ്റി. എന്നാൽ ആന്തരീകമായ നേത്രത്തിന്റെ തിമിരം അവനു അന്ധത നൽകുമെന്നു അനുഭവങ്ങൾ അവനെ പഠിപ്പിച്ചു തുടങ്ങി. ഇന്നവൻ നാം മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും അഭയമായതൊക്കെ വെട്ടി നിരത്തുകയാണ്. അവനു മാത്രം ജീവിക്കണം. മറ്റൊന്നിനും ആശ്രയമില്ലാതാക്കി. ഈ ഭൂമീമാതാവിന്റെ സന്താനങ്ങളാണ് ഒരു പുൽക്കൊടിപോലും, ഒരുറുമ്പുപോലും നമ്മുടെ ബാഹ്യനേത്രങ്ങൾക്കു കാണാനൊക്കാത്ത ഓരോ ജീവനും. ഒന്നിനെ ജയിക്കാൻ മറ്റൊന്നിനെ കൊന്നു കൊണ്ട് മുന്നേറുകയാണ് വിജയഗാഥയുമായി. കഷ്ടം! അവൻ പോയ് പോയ് പടുകുഴിയിൽ ഇനി പൊങ്ങാനൊക്കാത്ത വിധം വീഴുകയാണെന്ന് അറിഞ്ഞുതുടങ്ങി. സമയം കഴിഞ്ഞു പോയി. ഭൂമി മാതാവിനെ ഛിന്നം ഭിന്നം വെട്ടിനുറുക്കി അവിടെ അവൻ വിജയക്കൊടി നാട്ടി മുന്നേറുന്നു എന്നതു എത്ര ഗുരുതരമാകുന്നു. അവനുയർത്തിയതും കുഴിച്ചതുമൊക്കെ അവനെത്തന്നെ നിലംപതിപ്പിക്കുന്നു – എന്നിട്ടും കണ്ണു തുറക്കുന്നില്ല. ഇതിനൊക്കെ കാരണം ബുദ്ധിജീവിയായ മനുഷ്യന്റെ മാത്രം ബുദ്ധിഹീനതയാണ്. മനുഷ്യ മനസ്സുകളുടെ നന്മയുടെ ച്യുതിയാണ്. മനസ്സിന്റെ അന്ധകാരം മാറണം. അതിലൂടെ ബുദ്ധിക്ക് വെളിച്ചം വരും. കർമ്മത്തിൽ ഗുണങ്ങൾ പ്രത്യക്ഷമാകും അവന്റെ അറിവില്ലായ്മ അവനുൾക്കൊള്ളണം. അതിനു ആദ്യമായി അവനാരാണെന്ന അറിവ്, അവനെ നയിക്കുന്ന പരമശക്തിയെക്കുറിച്ചൊക്കെ അറിയണം. ബാഹ്യമായ ശാരീരികമായതിനു മാത്രം പ്രാധാന്യം കൊടുക്കുന്ന അവന്റെ അറിവില്ലായ്മയിലൂടെ ശരീരത്തിനു പോലും പരിമിതി ഉണ്ടായിരിക്കെ ശാരീരിക ആവശ്യങ്ങൾക്ക് ഉണ്ടാക്കുന്നതിന് പരിമിതി കാണില്ലേ. നാശം സംഭവിക്കാത്തതായുള്ള ശരീരത്തിനകത്തിരിക്കുന്ന ആത്മാവിനാണ് അതിലുൾക്കൊണ്ടിരിക്കുന്ന ഗുണങ്ങളിലാണ്, ശക്തികളിലാണ്. ആത്മശക്തിയിലൂടെ നേടുന്നതിനേ ശക്തിയും പരിധിയറ്റതും ആകാൻ കഴിയൂ. ആത്മീയതയുടെ ഗുണങ്ങളിലൂടെ ശക്തിയിലൂടെ ശാരീരിക സംബന്ധമായുള്ളതൊക്കെ ശാശ്വതമായി നിർവിഘ്നമായി, പ്രയോജനപരമായി ചെയ്തു തീർക്കാൻ സാധിക്കും.



# പഞ്ചസായകൻ

ബി.കെ. അനിൽ, തിരുവനന്തപുരം

കാമദേവൻ 5 സായകങ്ങൾ അഥവാ അമ്പുകൾ കൊണ്ടാണ് കാമിപ്പിക്കുന്നതെന്ന് പുരാണം. മന്മഥന്റെ ആ മലരമ്പുകൾ അരവിന്ദം (താമര), അശോകം, ചൂതം (മാമ്പൂവ്), നവമാലിക (മുല്ലപ്പൂവ്), നീലോൽപലം എന്നിവയാണ്. ആ മലർ ശരങ്ങൾ കാമികളിൽ വരുത്തുന്ന വികാരഭേദമനുസരിച്ച് അവയെ സമ്മോഹനാസ്ത്രം, ഉന്മാദനാസ്ത്രം, ശോഷണാസ്ത്രം, സ്ഥാപനാസ്ത്രം, സ്തംഭനാസ്ത്രം എന്ന് വർണ്ണിച്ചിരിക്കുന്നു. ഒന്നു ചിന്തിക്കുകയാണെങ്കിൽ മാസികമോ ശാരീരികമോ ആയ രീതിയിൽ ഈ അനുഭവങ്ങൾ ഹിതകരങ്ങളല്ല എന്നത് വ്യക്തമാകും. അങ്ങനെയെങ്കിൽ, മന്മഥന്റെ മലരമ്പുകൾ മനുഷ്യന് ദോഷകരമാണോ?

ഭൗതിക സുഖങ്ങളുടെ പുതിയ പുതിയ മാനങ്ങൾ ബാല്യം മുതൽ വാർദ്ധക്യം വരെയും നിത്യവും തേടിയലയുന്ന മനുഷ്യ മനസ്സിന് പരിപൂർണ്ണ തൃപ്തിയേകുന്ന സുഖാനുഭവം സഫലീകൃതമാകാത്ത തൃഷ്ണയായിത്തന്നെ തുടരുന്നു. എത്ര അനുഭവിച്ചാലും പിന്നെയും പുതിയ പുതിയ സുഖങ്ങൾക്കുവേണ്ടി വെമ്പുന്ന മനസ്സ് തൃപ്തിയടയാതെ ജനി-മൃതികളുടെ ശൃംഖലയിലെ ഒരു കണ്ണിയിൽ നിന്നും മറ്റൊരു കണ്ണിയിലേയ്ക്കു യാത്രയാകുന്നു. സുഖാനുഭവങ്ങൾ ഇന്ദ്രിയവിഷയങ്ങളുമായി ബന്ധപ്പെട്ടവയുമുണ്ട്, അതീന്ദ്രിയവുമുണ്ട്. ഇന്ദ്രിയ സുഖങ്ങൾ പഞ്ചേന്ദ്രിയങ്ങളുടെ വിഷയങ്ങളുമായി ബന്ധപ്പെട്ടവയാണ്. കണ്ണ്, നാക്ക്, മൂക്ക്, ത്വക്ക്, കാത് എന്നീ പഞ്ചേന്ദ്രിയങ്ങളിലൂടെ രൂപം, രസം, ഗന്ധം, സ്പർശം, ശബ്ദം എന്നീ വിഷയാനുഭവങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഈ അനുഭവങ്ങളെയാണ് ഇന്ദ്രിയവിഷയ സുഖം എന്ന് പറയുന്നത്. അതീന്ദ്രിയ സുഖം അലൗകികമായ സുഖമാണ്. ആത്മാവും പരമാത്മാവും തമ്മിലുള്ള ദിവ്യമായ പ്രണയാനുഭവത്തിൽ കിനിയുന്ന സുഖമാണ്. പരമാത്മാവാണ് അതീന്ദ്രിയസുഖത്തിന്റെ മധു പകരുന്ന മധുദീപൻ. ദിവ്യാനുരാഗത്തിൽ ലയിപ്പിക്കുന്ന രാഗവൃന്തൻ. മനസ്സിനെ മോഹിപ്പിച്ച് കീഴടക്കുന്ന മനസിജൻ. അലൗകിക ആകർഷണമൂർത്തിയായ അനംഗൻ . ആ ദിവ്യാനുഭവം ലഭിക്കുന്നതിന് പരമാത്മാവാകുന്ന പഞ്ചസായകന്റെ 5 അമ്പുകൾ അന്തരാത്മാവിൽ ഏൽക്കണം. അതീന്ദ്രിയ സുഖം ലഭിക്കാൻ സഹായകമാകുന്ന ആ 5 സായകങ്ങളെക്കുറിച്ച് ഭൗതികതയിലാണ് സുഖം എന്ന് കരുതുന്ന മനുഷ്യർ അറിയുന്നില്ല. ജ്ഞാനം, വൈരാഗ്യം, വീര്യം, ശ്രീ, യശസ്സ് എന്നിവയാണവ. ആദ്ധ്യാത്മിക ജ്ഞാനം, വിഷയ സുഖങ്ങളോട് വിരക്തിയാകുന്ന വൈരാഗ്യം, സത്യസന്ധതയും ധർമ്മനിഷ്ഠതയും ത്യാഗമനോഭാവവും കൊണ്ട് തന്നെയും മറ്റുള്ളവരെയും രക്ഷിക്കുന്ന വീര്യം, ആത്മീയ ഗുണങ്ങളാകുന്ന ധനത്തിന്റെ ശ്രീ, മറ്റുള്ളവരുടെ മംഗളം ചെയ്ത് കീർത്തിയ്ക്ക് പാത്രമായിത്തീരുന്ന യശസ്സ് എന്നിവ പ്രാപ്തമാക്കണം. അപ്പോൾ ആത്മീയ മന്മഥനായ പരമാത്മാവിലൂടെ ഉദാത്തമായ ഈശ്വരപ്രേമത്തിന്റെ അനുഭൂതിയുണ്ടാകും, അതീന്ദ്രിയസുഖമുണ്ടാകും. ഈ 5 കാര്യങ്ങളിൽ പൂർണ്ണത കൈവരിക്കുമ്പോൾ സർവ്വ ഐശ്വര്യങ്ങളും ഉണ്ടാകുന്നു. ഐശ്വര്യമെന്നാൽ ഈശ്വരന്റെ ഭാവം എന്നാണ്. അതായത് ഈശ്വരഭാവം പരിപൂർണ്ണമായി ഉൾക്കൊണ്ട് ആത്മാവ് ഈശ്വരന് സമാനമായിത്തീരുന്നു.

# ചില സാത്വിക ചിന്തകൾ

പുഷ്പ, ചെറുകുളം. കോഴിക്കോട്

ഓം ശാന്തിയിലെ ഓം എന്ന സംസ്കൃത വാക്കു കൊണ്ട് വിവക്ഷിക്കുന്നത് ആത്മാവും, ശാന്തി എന്നത് സ്വധർമ്മവും ആണ്. ഈശ്വരൻ ഒന്നേയുള്ളൂ മതവും ഒന്നേയുള്ളൂ ആ മതമത്രേ ശ്രീമതം. മതമെന്നാൽ ഉപദേശം/അഭിപ്രായം എന്നെല്ലാം അർത്ഥം. ശ്രീമതം ഈശ്വരൻ നൽകുന്ന ശ്രേഷ്ഠ ജീവിത നിർദ്ദേശങ്ങളും. എങ്കിലും ജാതി രണ്ട് സ്ത്രീയും പുരുഷനും. ഈശ്വരാന്വേഷണത്തിലെ ആദ്യഘട്ടമാണ് സ്വയം ഒരു തിരിച്ചറിവിന് വിധേയമാക്കുക എന്നത്. വ്യാവഹാരിക തലത്തിലുള്ള നമ്മുടെ അസ്തിത്വത്തിന്റെ തിരിച്ചറിവിലൂടെയാണ് ഈശ്വരനെ കണ്ടെത്തൽ എന്ന പരമാർത്ഥ തലത്തിലേക്ക് നാം എത്തിച്ചേരുകയുള്ളൂ. ആദ്ധ്യാത്മിക ജ്ഞാനത്തിന്റെ യുക്തിപരമായ സ്വാധീനം കർമ്മമണ്ഡലത്തിലേക്ക് വ്യാപിപ്പിക്കണം. അതിഗഹനമായ കർമ്മ സിദ്ധാന്തത്തെ ഏറ്റവും ലളിതമാക്കിയാൽ മൂന്ന് ഘട്ടങ്ങളായി അതിനെ മനസ്സിലാക്കാം (1) എന്റേതും അവന്റേതും എനിക്ക് തന്നെ വേണം– ഇത് ഏറ്റവും തമോപ്രധാനമായ ചിന്തയാണ് (2) എന്റേത് എനിക്ക്, അവന്റേതും എനിക്ക് – ഇത് രാജസികമായ ചിന്തയാണ് (3) എന്റേതും അവന്റേതും എല്ലാം ഈശ്വരന് – ഇതാകുന്നു ഏറ്റവും സാത്വികമായ ചിന്ത. ഈ മൂന്ന് ചിന്തകളുടെ ആധാരത്തിൽ കർമ്മങ്ങൾ നടക്കുകയും ആ കർമ്മങ്ങളുടെ ആധാരത്തിൽ മനുഷ്യൻ സുഖ–ദു:ഖങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. അതിനാൽ ശാശ്വതമായ ശാന്തതയ്ക്ക് ഏത് കർമ്മമാണ് ചെയ്യേണ്ടതെന്ന് സ്വയം തീരുമാനിക്കണം. നല്ലത് പറഞ്ഞത് കൊണ്ടായില്ല, പറഞ്ഞതിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള ആർജ്ജജവമാണ് കാണിക്കേണ്ടത്. നമുക്ക് ഉണ്ടാവുന്ന എല്ലാ നന്മകളും മറ്റുള്ളവർക്കും ഉണ്ടായി കാണാൻ ആഗ്രഹിക്കണം. അങ്ങനെ ചിന്തിക്കുമ്പോൾ അതിനെ ശുഭചിന്ത എന്ന് പറയാം. ശുഭചിന്തകളുടെ മനനം ഏതൊരു വ്യക്തിയുടെ ഉള്ളിലും നടന്നുകൊണ്ടിരിക്കണം. സത്ശീലങ്ങൾ മാത്രമേ നാം ഈശ്വരന് കാണിക്കയായി വെക്കേണ്ടൂ. സ്വയം ശരീരത്തെ പീഡിപ്പിക്കുന്ന ഉപവാസ വ്രതങ്ങളേക്കാളും നോമ്പുകളേക്കാളും മെച്ചമാണത്. സഹജീവജാലങ്ങളോടും പ്രകൃതിയോടും അതിയായ കാരുണ്യം വയ്ക്കണം. സമ്പന്നരെ കുറിച്ച് നാം വ്യാകുലപ്പെടേണ്ട കാര്യമില്ല. സ്ഥൂലമായ ഏതൊരു സമ്പത്തിനെയും അടിയറവ് പറയിപ്പിക്കുന്ന ജ്ഞാന ധനത്തെയാണ് ആർജ്ജിക്കേണ്ടത്. മനസ്സു കൊണ്ടും വാക്കാലും കർമ്മത്താലും ലോകർക്ക് സമാധാനം പകരുന്ന കാര്യങ്ങൾ മാത്രം നിർവ്വഹിക്കുക. ഒരു പുസ്തകത്തിന്റെ താളുകളിൽ ഇങ്ങനെ എഴുതിയിരിക്കുന്നു "നമ്മുടെ മനസ്സിൽ ഞാനെന്ന ആത്മാവും ഈശ്വരൻ എന്ന പരമാത്മാവും രണ്ടേ രണ്ട് അന്തേവാസികൾ മാത്രമേ പാടുള്ളൂ". ഏതൊരു നിരക്ഷരനും മനസിലാകുന്നതാണ് സ്നേഹത്തിന്റെ ഭാഷ. ആത്മാവിൽ നിന്നാണ് ആ ഭാഷ ഉത്പന്നമാകുന്നത്. ഈ ഭാഷ പഠിക്കാനുള്ള ഏക വഴി ആന്തരിക മൗനത്തിലിരുന്ന് ഈശ്വരനെ സ്മരിക്കുക എന്നത് മാത്രമാണ്.

**Brahma Kumaris® "Peace of Mind" Global Channel - Info-Edutainment News Channel. No Advertisement..**

PEACE OF MIND CHANNEL

**"Peace of Mind" Channel**
**FRQ: 4054, POL: H, SYM: 13230, INSAT: 4A**
**Request Cable Operators today**
**"C" Band with Mpeg4 Receiver can see FREE LIVE**
**http://pmtv.in, pmtv@bkmail.org**
**SMS to 56161 bktv (Your MSG), +91 9960588432, 8104777111**